## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1212** **27-07-2021 - ൽ മറുപടിയ്ക്ക്**

## കെ-സ്വിഫ്റ്റ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ -സ്വിഫ്റ്റ് എന്ന എസ്.പി.വി. രൂപീകരണം കൊണ്ട് കെ.എസ്.ആർ.ടി.സി.യെ എപ്രകാരം രക്ഷിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; | (എ) | കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് കമ്പനി രൂപീകരിച്ച 19.2.2021 തിയ്യതിയിലെ G.O. (Rt) No. 7/2021/TRANS നമ്പർ പ്രകാരം ചുവടെ ചേർക്കുന്നവയാണ് കമ്പനിയുടെ ലക്ഷ്യങ്ങൾ. 1. KIIFB ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന പുതിയ ബസ്സുകൾ, പ്ലാൻ ഫണ്ടിൽ ഉൾപ്പെ ടുത്തി വാങ്ങുന്ന പുതിയ ബസുകൾ നിലവി ലുള്ള ദീർഘദൂര ബസുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി ഓടിക്കുക വഴി ദീർഘദൂര സർവീസുകൾ കാര്യക്ഷമമാക്കുക യും ചെലവ് കുറയ്ക്കുകയും ചെയ്യുക. 2. കെ.എസ്.ആർ.ടി.സി.യുടെ വിവിധ സംവിധാനങ്ങൾ / അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രതിഫല മായി കെ.എസ്.ആർ.ടി.സി.ക്കു നിശ്ചിത ഉപയോക്തൃ നിരക്ക് നൽകുക. 3. പ്രവർത്തന ചെലവുകൾക്കും കിഫ്ബി ലോൺ തിരിച്ചടവിനും ശേഷം ഉണ്ടാകുന്ന മിച്ച വരുമാനം കെ.എസ്.ആർ.ടി.സി.ക്കു നൽകുക. പ്രസ്തുത തുക കെ.എസ്.ആർ.ടി.സി ക്കു ലോൺ തിരിച്ചടവ്, ക്ഷേമ പദ്ധതികളുടെ അടവ് എന്നിവക്ക് ഉപയോഗിക്കാൻ സാധിക്കും. 4. KIIFB ലോൺ ലഭ്യമാക്കുന്നതിനുള്ള പ്രധാന നിബന്ധനകളിൽ ഒന്നായ SPV (Special Purpose Vehicle) രൂപീകരണവും കെ..എസ്.ആർ.ടി.സി - സ്വിഫ്റ്റ് രൂപീകരി ക്കുന്നതിലൂടെ പാലിക്കാൻ സാധിക്കും. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ; | (ബി) | കമ്പനിയുടെ രജിസ്ട്രേഷനുള്ള നടപടികളും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ തയ്യാറാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. യിലെ ചില തൊഴിലാളി സംഘടനകൾ കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് രൂപീകരണ വുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ഫയൽ ചെയ്ത റിട്ട് ഹർജികൾ ബഹു.ഹൈക്കോടതിയുടെ പരി ഗണനയിലാണ്. |
| (സി) | ഇൻകം ഏണിംഗ് വിഭാഗമായ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും ദുരിതത്തിലാക്കുന്ന തൊഴിൽ പരിഷ്കാരങ്ങൾ കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിലാക്കുമെന്നതിനാൽ ഇതിന്റെ പുരോഗതിക്കുതകുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കുന്ന എല്ലാ പരിഷ്കാരങ്ങളും തൊഴിലാളികളുടെ കൂടി ഉന്നമനം ലക്ഷ്യമാക്കിനടപ്പാക്കുന്നവ യാണ്. തൊഴിലാളികളെ കൂടി വിശ്വാസിത്തിൽ എടുത്തുകൊണ്ടു മാത്രമേ കോർപ്പറേഷൻ പരിഷ്കാരങ്ങളുമായി മുന്നോട്ടു പോവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ